പഠനം

ഡോ. മാജിദ് അർസാൻ കീലാനി



# ഇസ്‌ലാമിക വിദ്യാഭ്യാസ തത്ത്വശാസ്ത്രം

ഇസ്‌ലാമിലെ ഏകദൈവവിശ്വാസത്തിൽനിന്നാണ് ഇസ്‌ലാമിക വിദ്യാഭ്യാസ തത്ത്വശാസ്ത്രം ഉടലെടുക്കുന്നത്.[1] സുപ്രധാനമായ രണ്ട് ലക്ഷ്യങ്ങളിൽ ഊന്നിയാണ് അത് ആവിഷ്കൃതമായിരിക്കുന്നത്.


1. മനുഷ്യന്റെ നിലനിൽപ്
2. പ്രപഞ്ചത്തിൽ മനുഷ്യന്റെ സ്ഥാനത്തിനനുസൃതമായ നിലവാരത്തിലേക്ക് അവനെ ഉയർത്തുക.

സ്രഷ്ടാവും പ്രപഞ്ചവും, മനുഷ്യനും ജീവിതവും പരലോകവുമായി താഴെ ചേർന്നവിധം ശരിയായ ബന്ധം രൂപപ്പെടുമ്പോൾ മനുഷ്യന് യഥാർഥ പുരോഗതി സാധ്യമാകും.

- സ്രഷ്ടാവും മനുഷ്യനും തമ്മിലെ ബന്ധം - ദാസ്യ ബന്ധം
- മനുഷ്യനും പ്രപഞ്ചവും തമ്മിലെ ബന്ധം - അധീന ബന്ധം
- മനുഷ്യനും മനുഷ്യനും തമ്മിലെ ബന്ധം - നീതിയുടെയും നന്മയുടെയും ബന്ധം.
- മനുഷ്യനും ജീവിതത്തിനുമിടയിലെ ബന്ധം - പരീക്ഷണ ബന്ധം
- മനുഷ്യനും പരലോകത്തിനുമിടയിലെ ബന്ധം - ഉത്തരവാദിത്വത്തിന്റെയും പ്രതിഫലത്തിന്റെയും ബന്ധം.

മേൽബന്ധങ്ങളുടെയെല്ലാം അച്ചുതണ്ട് ദാസ്യബന്ധമാണ്. അതായത്, ദൈവിക ദാസ്യത്തിൽനിന്നാണ് എല്ലാ ബന്ധങ്ങളും അവയുടെ ചൈതന്യം സ്വാംശീകരിക്കുന്നത്. ദാസ്യബന്ധം ക്ഷയിച്ചാൽ ഇതര ബന്ധങ്ങളും ക്ഷയോന്മുഖമാവും. അവയുടെ ഉള്ളടക്കം ചോർന്നു പോവും. ഈ ബന്ധം രേഖാചിത്രത്തിലൂടെ കാണുക:

ഇസ്‌ലാമിക വിദ്യാഭ്യാസ തത്ത്വശാസ്ത്രത്തിൽ ബന്ധങ്ങളുടെ മാതൃക കാണുക




മേൽ ബന്ധങ്ങളുടെ വിശദീകരണങ്ങൾ ഇങ്ങനെ:

ഇബാദത്തുകളുടെ മൂന്നു തലങ്ങൾ(അനുഷ്ഠാനപരം- സാമൂഹികം-പ്രാപഞ്ചികം)[2]

**ഇബാദത്തും അറിവും തമ്മിലെ ബന്ധം**

ഇബാദത്തുകൾ പൂർണതയിലെത്തുക, അവയുടെ പ്രയോഗവൽക്കരണത്തിലേക്ക് നയിക്കുന്ന അറിവുകൾ രൂഢമൂലമാവുമ്പോഴാണ്. രൂഢമൂലമായ ജ്ഞാനം ഇബാദത്തുകളുടെ പൂർണതയിലേക്കും മൂന്നു ഫലങ്ങളിലേക്കും നയിക്കും.

1. ജ്ഞാനാർജനത്തിലൂടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ച് മനസ്സിലാക്കുന്നതിലൂടെ ജ്ഞാനിയുടെ വ്യക്തിത്വത്തിൽ അല്ലാഹുവിനോട് പൂർണമായ സ്നേഹം ഉടലെടുക്കുന്നു.

2. അല്ലാഹുവിന്റെ ശക്തിയെക്കുറിച്ച് മനസ്സിലാക്കുന്നതിലൂടെ ജ്ഞാനിയുടെ മനസ്സിൽ അല്ലാഹുവിൽ സമ്പൂർണമായ പ്രതീക്ഷയുണ്ടാവുന്നു.

3. അല്ലാഹുവിന്റെ ശക്തിയെയും ആധിപത്യത്തെയും അറിയുന്നതിലൂടെ അല്ലാഹുവിനോട് മാത്രം ആത്യന്തികമായ ഭയം ഉടലെടുക്കുന്നു. ഈ മൂന്ന് കാര്യങ്ങളുടെയും ആകെത്തുകയാണ് ദൈവഭക്തി. 'നീ കണ്ടില്ലേ, അല്ലാഹു ആകാശത്ത്നിന്ന് വെള്ളം ചൊരിഞ്ഞു. പിന്നീട് അത് മുഖേന വ്യത്യസ്ത വർണങ്ങളുള്ള പഴങ്ങൾ നാം ഉൽപാദിപ്പിച്ചു. പർവതങ്ങളിലുമുണ്ട് വെളുത്തതും ചുകന്നതുമായ നിറഭേദങ്ങളുള്ള പാതകൾ. കറുത്തിരുണ്ടവയുമുണ്ട്. മനുഷ്യരിലും മൃഗങ്ങളിലും കന്നുകാലികളിലും അതുപോലെ വിഭിന്ന വർണങ്ങളുള്ളവയുണ്ട്. അല്ലാഹുവെ ഭയപ്പെടുന്നത് അവന്റെ ദാസന്മാരിൽനിന്ന് അറിവുള്ളവർ മാത്രമാകുന്നു. തീർച്ചയായും അല്ലാഹു പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു. (ഫാത്വിർ 27,28). ഈ രണ്ട് സൂക്തങ്ങളുടെയും പശ്ചാത്തലത്തിൽനിന്ന് കാലാവസ്ഥ, സസ്യം, ഭൂമിയിലെ മടക്കുകൾ, മനുഷ്യൻ, ജീവികൾ മുതലായ പ്രപഞ്ചത്തിലെ സൂക്തങ്ങൾക്കൊപ്പം ഖുർആനിക സൂക്തങ്ങൾ കൂടി വായിക്കുന്ന പണ്ഡിതന്മാരാണ് യഥാർഥ ഭക്തർ എന്ന് പഠിപ്പിക്കുന്നു. ഇമാം റാസി എഴുതുന്നു:

'ഇബാദത്തിനുള്ള ശാസന അറിവ് നേടുക എന്ന ഉപാധിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്; സകാത്ത് നൽകാനുള്ള ശാസന നിസ്വാബ് തികയുക എന്ന ഉപാധിയുമായി ബന്ധപ്പെട്ടതാണെന്നപോലെ.[3]

ഉപരിസൂചിതമായ ജ്ഞാനത്തിന്റെ എല്ലാ ഇനങ്ങളും പൂർത്തിയാവണമെങ്കിൽ മനുഷ്യൻ പ്രപഞ്ചത്തിലെ പരീക്ഷണശാലയിലേക്കും, മാനവസാമൂഹിക സംഭവങ്ങളിലേക്കും ശ്രദ്ധതിരിക്കുകയും അവയെക്കുറിച്ച് വിശകലന സ്വഭാവത്തിൽ പഠിക്കുകയും വേണം. അവ ഖുർആനിക വിവരണ പ്രകാരം ചക്രവാളങ്ങളിലെയും ശരീരങ്ങളിലെയും അല്ലാഹുവിന്റെയും ദൃഷ്ടാന്തങ്ങളുടെ പ്രകാശനമാണ്.

**ഇബാദത്തിന്റെ പ്രാധാന്യവും അനിവാര്യതയും**

മനുഷ്യ സൃഷ്ടിയുടെ അടിസ്ഥാന ലക്ഷ്യം ഇബാദത്താണ്. 'ഞാൻ ജിന്നിനെയും മനുഷ്യനെയും എനിക്ക് ഇബാദത്ത് ചെയ്യാനല്ലാതെ സൃഷ്ടിച്ചിട്ടില്ല' (ദാരിയാത്ത് 56).

ലോക വേദിയിൽ വന്നു പോയിട്ടുള്ള എല്ലാ സമൂഹങ്ങളോടും ഇതേ കാര്യമാണ് അതാത് കാലങ്ങളിൽ അല്ലാഹു ആവശ്യപ്പെട്ടിട്ടുള്ളത്. നഹ്ൽ 36, അമ്പിയാഅ് 25, മുഅ്മിനൂൻ 23, അൻകബൂത്ത് 16, അഅ്റാഫ് 65,

അഅ്റാഫ് 73, ഹൂദ് 84, ബഖറ 83, മാഇദ 72, ബഖറ 21, അൻകബൂത്ത് 56 കാണുക. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് പരിഹാരമാണെന്നതാണ് ഇബാദത്തുകളുടെ പ്രാധാന്യം. ഈ ആവശ്യങ്ങൾ ഇങ്ങനെ വിവരിക്കാം.

1. ശാശ്വതികത്വം എന്ന ആവശ്യം. ശാശ്വതികത്വം അഥവാ നാശരാഹിത്യം മനുഷ്യന്റെ ഒരു മൗലികാവശ്യമാണ്. 'അനശ്വരത നൽകുന്ന ഒരു വൃക്ഷത്തെപ്പറ്റിയും ക്ഷയിച്ചു പോകാത്ത ആധിപത്യത്തെപ്പറ്റിയും ഞാൻ നിനക്ക് അറിയിച്ചു തരട്ടെയോ? (ത്വാഹാ 120) എന്ന് ഇബ്‌ലീസ് ആദമിനോട് ചോദിച്ചത് ഈ ആവശ്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്നുണ്ട്. ഈ ആവശ്യം സാക്ഷാൽകരിക്കാൻ മനുഷ്യർ വിവിധ മാർഗങ്ങൾ ഉപയോഗിക്കുന്നു. പോഷക ദായകമായ ഭക്ഷണങ്ങൾ കഴിച്ചും ആരോഗ്യകരമായ ജീവിത രീതികൾ സ്വീകരിച്ചും, സന്താന പരമ്പരകളെ സംരക്ഷിച്ചും, ധൈഷണികവും നാഗരികവുമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് തലമുറകളിലൂടെ സ്മരണകൾ നിലനിർത്തിയും ഈ അനശ്വരതാ ദാഹം അവൻ ശമിപ്പിക്കുന്നു. ചിലപ്പോൾ അനശ്വരത എന്ന ആവശ്യത്തിന് വിരുദ്ധമായി ഭൗതിക ജീവിതത്തിൽ പൂഴ്ത്തിവെപ്പുകളും നിലനിൽപിനുവേണ്ടിയുള്ള സംഘട്ടനവും വരെ മനുഷ്യൻ നടത്തുന്നു. എന്തുതന്നെയായാലും, ഈ മാധ്യമങ്ങളെല്ലാം ഉള്ളപ്പോഴും ഭീതിജനകമായ മരണമെന്ന യാഥാർഥ്യം അവൻ അഭിമുഖീകരിക്കുന്നു. വാർധക്യത്തിന്റെ അടയാളങ്ങൾ പ്രത്യക്ഷപ്പെട്ട് തുടങ്ങുന്നതോടെ, താൻ കൈവശപ്പെടുത്തിയ ഒന്നും തനിക്ക് ശാശ്വതികത്വം പ്രദാനം ചെയ്യില്ലെന്ന് അവന് ബോധ്യമാവുന്നു.

ഇത്തരുണത്തിൽ മനുഷ്യന് ശാശ്വതികത്വം എന്ന ആവശ്യം നേടാനുള്ള ഏകമാർഗം ഇബാദത്ത്- അല്ലാഹുവിന് സർവാത്മനാ കീഴ്‌വണങ്ങുക- മാത്രമാണ്. ഇത് മരണമെന്ന യാഥാർഥ്യത്തെ അതീവ ഹൃദ്യമായും ലളിതമായും നേരിടാൻ അവനെ പ്രാപ്തനാക്കും. മരണം അവനെ സംബന്ധിച്ചേടത്തോളം എല്ലാതരം അസ്വസ്ഥതകളിൽ നിന്നും ഭീകരതകളിൽനിന്നും മോചിതനായി, ആസന്നമായ പാരത്രികലോകത്ത് പൂർണതയും ശാശ്വതികത്വവും നേടാനുള്ള യാത്രാ തുടർച്ചയുടെ ഒരു ഘട്ടം മാത്രമായിരിക്കും.

2. ഏകാന്തതയിൽനിന്ന് രക്ഷപ്പെട്ട് എന്തെങ്കിലും ഒന്നുമായി ചേർന്നു നിൽക്കുക എന്നതാണ് മനുഷ്യന്റെ മറ്റൊരാവശ്യം. പ്രമുഖ ശാസ്ത്രജ്ഞൻ എറിക് ഫ്രോം എഴുതുന്നു: 'മനുഷ്യനിൽ ഏറ്റവും അഗാധമായി കുടികൊള്ളുന്ന ആവശ്യം ഏകാന്തതയുടെയും ഭ്രഷ്ടിന്റെയും തടവറയിൽനിന്ന് മോചിതനാവുക എന്നതാണ്. ഇത് സാക്ഷാൽകരിക്കുന്നതിൽ പരാജയപ്പെട്ടാൽ മനുഷ്യന് ഭ്രാന്ത് പിടിക്കും. താൻ പൂർണമായും ഭ്രഷ്ടനാവുമോ എന്ന ഭീതിയെ മറികടക്കാനുള്ള മാർഗം പിൻവാങ്ങുകയാണെന്ന ചിന്തയില്ലാതെ ലോകത്തു നിന്നു തന്നെ പൂർണമായി പിൻവാങ്ങുകയാണ്. ഇതാകട്ടെ, ലോകം തന്നെ ഇല്ലാതായാലല്ലാതെ സാധ്യമാവില്ല. എല്ലാ കാലങ്ങളിലും സംസ്കാരങ്ങളിലും മനുഷ്യൻ അഭിമുഖീകരിച്ച പ്രശ്നം, ഏകാന്തതയെ മറികടക്കുക, ഐക്യം സാക്ഷാൽകരിക്കുക, ഒറ്റപ്പെട്ട ജീവിതത്തെ അതിജീവിക്കുക എന്നിവയായിരുന്നു.[3]

അല്ലാഹുവോടുള്ള ദാസ്യത്തിൽനിന്ന് ബന്ധം അറ്റുപോയ വിദ്യാഭ്യാസ വ്യവസ്ഥ സമർപ്പിക്കുന്ന ഏതുതരം ബന്ധം ചേർക്കലുകളും അതീവ കുടുസ്സാണ്. പക്ഷപാതപരമോ വംശീയമോ വർഗീയമോ മേഖലാപരമോ പ്രത്യയശാസ്ത്രപരമോ മറ്റോ ആയ ചേർക്കലുകൾ മനുഷ്യന്റെ യഥാർഥ അസ്തിത്വത്തിന് ചേർന്നവയല്ല. ഇവയെല്ലാം അതാത് വൃത്തങ്ങൾക്കകത്ത് തന്നെ സംഘർഷാത്മകമായ സ്ഥിതിസാഹചര്യമാണൊരുക്കുക. ഇത്തരം കൂട്ടായ്മകളെല്ലാം ഉപരിപ്ലവവും വൈരുധ്യാത്മകവും മനുഷ്യ വിരുദ്ധവുമാണ്. ഇവ മനുഷ്യനെ aliemation(വന്യത) Powerlessness(നിസ്സഹായത), ഭയം, അസ്വസ്ഥത എന്നിവയിലേക്കെത്തിക്കും.

എന്നാൽ, സമഗ്രമായ അർഥത്തിലുള്ള ഇബാദത്ത് വഴി അല്ലാഹുവുമായി സ്ഥാപിക്കുന്ന ബന്ധത്തിലൂടെ വ്യക്തിക്ക് ഒരേ ഒരു അച്ചുതണ്ടുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്നു. ഒരേ വൃത്തത്തിൽ അവന്റെ എല്ലാ സ്വാസ്ഥ്യവും പൂവണിയുന്നു.

### 3. സ്നേഹത്തിന്റെയും ആദരവിന്റെയും ആവശ്യകത

മനുഷ്യൻ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്നു. സ്നേഹമെന്നത് യഥാർഥത്തിൽ ആദാനപ്രദാനമാണ്. അതിൽ ഏറ്റവും സമുന്നതം പ്രത്യുപകാരം പ്രതീക്ഷിക്കാതെയുള്ള സ്നേഹമാണ്. പ്രപഞ്ചത്തിൽ അല്ലാഹു മാത്രമേ പ്രത്യുപകാരം പ്രതീക്ഷിക്കാതെ കൊടുക്കുന്നുള്ളൂ. അല്ലാഹുവിനുള്ള ആരാധനാനുസരണ വിധേയത്വമില്ലാത്ത വിദ്യാഭ്യാസ വ്യവസ്ഥയിൽ മൂന്നു ദോഷങ്ങൾ കാണും. (ഒന്ന്) സ്നേഹമെന്ന ആവശ്യത്തെ പഞ്ചേന്ദ്രിയ സുഖാനുഭവങ്ങളിൽ മാത്രം പരിമിതപ്പെടുത്തുന്നു. (രണ്ട്) ഇങ്ങോട്ട് തിരിച്ചു കിട്ടണമെന്ന ആഗ്രഹത്തോടെ മാത്രം സ്നേഹിക്കുന്നു. (മൂന്ന്) ശാശ്വതികത്വം, എന്തെങ്കിലുമായി ചേർന്നു നിൽക്കുക എന്നീ ആവശ്യങ്ങളെ മനുഷ്യരിൽനിന്ന് വിച്ഛേദിച്ചു കളയുന്നു. അതുകാരണം താൽക്കാലികമായ വൈകാരിക ബന്ധങ്ങളും എപ്പോഴും നിറംമാറാവുന്ന താൽപര്യങ്ങളും രൂപം കൊള്ളുകയും തജ്ജന്യമായി മാനസികമായും സാമൂഹികമായും സ്വഭാവപരമായും ശൈഥില്യം ഉടലെടുക്കുകയും അത് മാനസികത്തകർച്ചക്കും വൈകാരിക പരാജയത്തിനും കാരണമാവുകയും ചെയ്യുന്നു.

എന്നാൽ, ഇതര ബന്ധങ്ങളിൽനിന്ന് വ്യത്യസ്തമായി, അല്ലാഹുവിനുള്ള ഇബാദത്തിലൂടെ സ്ഥാപിതമാവുന്ന ബന്ധം ഒരു ദൈവിക ദാനമായാണ്

**അല്ലാഹുവോടുള്ള ദാസ്യത്തിൽനിന്ന് ബന്ധം അറ്റുപോയ വിദ്യാഭ്യാസ വ്യവസ്ഥ സമർപ്പിക്കുന്ന ഏതുതരം ബന്ധം ചേർക്കലുകളും അതീവ കുടുസ്സായിരിക്കും. പക്ഷപാതപരമോ വംശീയമോ വർഗീയമോ മേഖലാപരമോ പ്രത്യയശാസ്ത്രപരമോ മറ്റോ ആയ ചേർക്കലുകൾ മനുഷ്യന്റെ യഥാർഥ അസ്തിത്വത്തിന് ചേർന്നവയല്ല. ഇവയെല്ലാം അതാത് വൃത്തങ്ങൾക്കകത്ത് തന്നെ സംഘർഷാത്മകമായ സ്ഥിതിസാഹചര്യമാണൊരുക്കുക. ഇത്തരം കൂട്ടായ്മകളെല്ലാം ഉപരിപ്ലവവും വൈരുധ്യാത്മകവും മനുഷ്യ വിരുദ്ധവുമാണ്. ഇവ മനുഷ്യനെ വന്യത, നിസ്സഹായത, ഭയം, അസ്വസ്ഥത എന്നിവയിലേക്കെത്തിക്കും.**

സ്നേഹത്തെ നമ്മെ അനുഭവിപ്പിക്കുക. അത് ഇഹ-പര ജീവിതങ്ങളിൽ ഒരുപോലെ നീണ്ടുനിൽക്കും. ആദർശ സാഹോദര്യത്തിന്റെയും സാമൂഹിക സ്നേഹത്തിന്റെയും മാനുഷിക കാരുണ്യത്തിന്റെയും വ്യത്യസ്ത തലങ്ങളിലും രൂപങ്ങളിലും ധൈഷണികവും മാനസികവും ഭൗതികവുമായ പ്രഭാവം സൃഷ്ടിക്കും. താൽക്കാലിക ബന്ധങ്ങൾക്ക് പകരം സ്ഥിരമായി നിലനിൽക്കുന്ന വിവാഹബന്ധവും അതിന്റെ സദ്ഫലങ്ങളും ഉദാഹരണം.

സ്നേഹം എന്ന ആവശ്യത്തെ പരാമർശിച്ച് ഫ്രോം എഴുതുന്നു: ശൈശവ ദശയിൽ മനുഷ്യർ സ്നേഹം നേടുന്നത് മാതാവിന്റെ മുലപ്പാൽ കുടിച്ചും മാതൃപരിലാളനം അനുഭവിച്ചുമാണ്. പിന്നീടത് എതിർ ലിംഗവുമായുള്ള ശാരീരികബന്ധത്തിലൂടെ മറ്റൊരു രീതിയിൽ തുടരുന്നു. അതും കഴിഞ്ഞ് ധൈഷണിക പ്രവർത്തനങ്ങളിലൂടെയും കലാ-നാഗരിക സർഗാത്മകതകളിലൂടെയും മുന്നോട്ട് പോകുന്നു. പക്ഷേ, ഇവയൊന്നും ആത്യന്തികമായി സ്നേഹമെന്ന മനുഷ്യന്റെ മൗലികാവശ്യത്തെ ശമിപ്പിക്കുന്നില്ല. അവയെല്ലാം താൽക്കാലികവും കേവല ഭൗതികവുമാണെന്നതാണ് കാരണം. അതിനാൽ, മനുഷ്യനിലെ മാനസികവും ആത്മീയവുമായ വശം, എപ്പോഴും നൽകിക്കൊണ്ടിരിക്കുകയും പ്രതിപ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ശക്തിയുമായി സ്നേഹബന്ധം സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. ഇത്രയും പറഞ്ഞ ഫ്രോം അത്തരമൊരു ബന്ധം ആരുമായാണ് സ്ഥാപിക്കേണ്ടതെന്ന് പറയുന്നേടത്ത് പരാജയപ്പെടുന്നു.[4] അദ്ദേഹത്തെപ്പോലുള്ളവരുടെ ചിന്തകൾ ഭൗതികതയുടെ ദൃശ്യ പരിമിതികളിൽ ഒതുങ്ങുന്നു എന്നതാണ് പ്രശ്നം. ശരിയായ ദൈവിക ബോധനത്തിന്റെ അഭാവത്തിൽ സമഗ്രമായ ഇബാദത്ത് എന്ന ബന്ധത്തിലേക്ക് മനുഷ്യനെ നയിക്കുന്നതിൽ അദ്ദേഹത്തെ പോലെയുള്ളവർ പരാജയപ്പെടുക സ്വാഭാവികമാണല്ലോ.

ശാശ്വതികത്വം, ഏകാന്തതാരാഹിത്യം, സ്നേഹം മുതലായ അടിസ്ഥാന ആവശ്യങ്ങൾക്കു പുറമെ മനുഷ്യർക്ക് വേറെയും ചില ആവശ്യങ്ങളുണ്ട്. ആഹാരപരവും ലൈംഗികവും മറ്റുമായ ജൈവആവശ്യങ്ങൾ, നിർഭയത്വം മുതലായവയാണവ. അല്ലാഹുവുമായുള്ള ഇബാദത്തിലൂടെ മനുഷ്യന്റെ മുഖ്യ ആവശ്യങ്ങൾക്കൊപ്പം ഈ ആവശ്യങ്ങളും നിറവേറുന്നു. അജ്ഞതയിൽനിന്ന് രക്ഷപ്പെടാനും അറിവ് നേടാനുമുള്ള ആവശ്യമാണ് മറ്റൊന്ന്. മൂന്ന് മൗലികാവശ്യങ്ങൾ സാക്ഷാൽകരിക്കാനായുള്ള ശ്രമത്തിലൂടെയാണ് അജ്ഞത നീങ്ങി അറിവ് ലക്ഷ്യമാവുക. ഇബാദത്ത് ജനനം, ജീവിതം, മരണം എന്നീ ഘട്ടങ്ങളെ യെല്ലാം സമഗ്രമായി ഉൾക്കൊള്ളുന്നു. അതേ സമയം, ഇബാദത്തിൽനിന്ന് മുക്തമായ വിദ്യാഭ്യാസ വ്യവസ്ഥ ഇഹലോകത്തെ മാത്രമെ കണക്കിലെടുക്കുന്നുള്ളൂ. അതുകാരണം ജനനവും മരണവും സംബന്ധിച്ച കാഴ്ചപ്പാടുകൾ സുബദ്ധമാവുന്നില്ല. സ്വാതന്ത്ര്യമാണ് മനുഷ്യന്റെ മറ്റൊരാവശ്യം. അടിസ്ഥാനാവശ്യങ്ങൾ നേടാൻ സ്വാതന്ത്ര്യം കൂടിയേ തീരൂ. അല്ലാഹുവിനുള്ള ഇബാദത്ത് വഴി ആഭ്യന്തരവും ബാഹ്യവുമായ എല്ലാ പാരതന്ത്ര്യങ്ങളിൽനിന്നും മനുഷ്യന് മോചനം നേടാൻ കഴിയും. ഇബാദത്തിൽ ഊന്നാത്ത വിദ്യാഭ്യാസം ബാഹ്യമായ സ്വാതന്ത്ര്യത്തിനേ സഹായിക്കുന്നുള്ളൂ. ആന്തരികമായ മോചനം നേടാൻ കഴിയാത്തവർക്ക് ആന്തരിക ജഡികേച്ഛകളിൽ മയങ്ങിക്കഴിയാനായിരിക്കും വിധി. ആന്തരികമായ അടിമത്തമാണ് മനുഷ്യനെ ബാഹ്യമായും സാമൂഹികമായും അടിമപ്പെടുത്തുക.

**ആധുനിക വിദ്യാഭ്യാസത്തിൽ 'ദൈവദാസ്യം' എന്ന ആശയത്തിന്റെ അഭാവം**

ഇതുവരെ നാം വിവരിച്ച ഇബാദത്തിന്റെ- ദൈവദാസ്യത്തിന്റെ- അഭാവഫലമായി ആധുനിക വിദ്യാഭ്യാസം ഒട്ടേറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഈ പ്രശ്നങ്ങളെ രണ്ടായി തരംതിരിക്കാം.

**1. പാശ്ചാത്യ സമൂഹങ്ങളിൽ 'ദൈവദാസ്യം' എന്ന ആശയമില്ലാത്തതിന്റെ ഫലങ്ങളും ആധുനികരുടെ നിരൂപണവും.**

ആധുനിക നവോത്ഥാനത്തിനു മുമ്പ് വിദ്യാഭ്യാസത്തെ നിയന്ത്രിച്ചിരുന്ന ക്രൈസ്തവചിന്ത അവത

രിപ്പിച്ച ദൈവദാസ്യത്തിന് മതപരമായ വ്യക്തതയോ, സാമൂഹികമോ പ്രാപഞ്ചികമോ ആയ ഭാവമോ ഉണ്ടായിരുന്നില്ല. ഈ കുറവു കാരണം തിരിച്ചടിയുണ്ടായി. വിദ്യാഭ്യാസം മതമുക്തമായി. പ്രമുഖ മനഃശാസ്ത്രജ്ഞനായ എറിക് ഫ്രോം തന്റെ 'ധിഷണാ സമൂഹം' എന്ന കൃതിയിൽ വിവരിച്ചതുപോലെ അത് 'ധനപൂജ'യുടെ ചുറ്റും കേന്ദ്രീകരിച്ചു.[5]

വിദ്യാഭ്യാസത്തിന്റെ ദൗത്യം സംബന്ധിച്ച ഈ സെക്യുലർ കാഴ്ചപ്പാട് ഫ്രാൻസിസ് ബേക്കണിൽ നിന്നാണ് തുടങ്ങിയത്. അദ്ദേഹം എഴുതി: 'വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പ്രയോജനം മാത്രമായിരിക്കണം. അധഃപതനത്തിന്റെയും പിന്നാക്കത്തിന്റെയും കാരണം മനുഷ്യർ തെറ്റായ ചിന്തകളിൽ വ്യാപരിക്കുന്നതാണ്.'[6]

തുടർന്ന് പതിനെട്ടാം നൂറ്റാണ്ടിൽ ഫോന്റിനൽ, വി.സി സാന്റ് ബിയർ, കോന്റ് ഡീ ഫോൾ നീ മുതലായവരിലൂടെ ഇത് വികസിച്ചുവന്നു. അവരുടെ ചിന്തകളുടെ സംഗ്രഹം ഇങ്ങനെ: 'ശാസ്ത്രീയ ചിന്ത ബുദ്ധിപരമായ വളർച്ചയിലേക്കും നാഗരിക പുരോഗതിയിലേക്കും നയിച്ചു. ഇപ്പോൾ അവയുടെ ശൈശവ ദശയിലാണ്. ഭാവിയിൽ സുവർണകാലം വരാനിരിക്കുന്നു. അന്ന് യുദ്ധങ്ങളുണ്ടാവില്ല. ഗവൺമെന്റുകൾ പൊഴിഞ്ഞുപോവും. മനുഷ്യൻ പൂർണ പദവിയിലെത്തും. മാനവർ ഏകസമൂഹമാവും. അവർ സുവർണ കാലത്തേക്ക് പ്രവേശിക്കും. അന്ന് ഭൂമിയിൽ സ്വർഗം യാഥാർഥ്യമാവും.[7]

19ാം നൂറ്റാണ്ടിൽ സാൻ സൈമൺ പ്രഖ്യാപിച്ചു: ക്രൈസ്തവ ചർച്ച് മധ്യ നൂറ്റാണ്ടുകളിൽ അവരുടെ ദൗത്യം നിർവഹിച്ചു. ഇപ്പോൾ ശാസ്ത്രത്തിന്റെയും ശാസ്ത്രജ്ഞരുടെയും ഊഴമാണ്. അവരാണ് പുരോഗമനവും പൊതുവിദ്യാഭ്യാസവും നയിക്കേണ്ടത്.[8]

തുടർന്ന് ഓഗസ്റ്റ് കോൺട് യൂറോപ്യൻ ചരിത്രത്തിന്റെ വികാസത്തിലൂന്നി ചരിത്രത്തിന് ഒരു വിശദീകരണം സമർപ്പിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഇങ്ങനെ സമർപ്പിക്കാം: ചരിത്രം മൂന്ന് ഘട്ടങ്ങളിലൂടെയാണ് മുന്നോട്ട് പോയത്. (ഒന്ന്) ക്രൈസ്തവചർച്ച് ചിന്തയും വിദ്യാഭ്യാസവും നിയന്ത്രിച്ചിരുന്ന മതഘട്ടം. ഇത് എ.ഡി 1400ഓടെ അവസാനിച്ചു. (രണ്ട്) ചർച്ചിനെ വിമർശിക്കുകയും അതിന്റെ സ്വാധീനത്തെ ന്യൂനീകരിക്കുകയും ചെയ്ത ഇന്ദ്രിയാതീത തത്ത്വശാസ്ത്രത്തിന്റെ ഘട്ടം. പുരോഗതിയുടെ പാതയിലെ അനിവാര്യ ഘട്ടമായ ഇത് കോൺടിന്റെ കാലാവസാനം വരെ തുടർന്നു. (മൂന്ന്) കോൺട് തന്നെ സജ്ജമാക്കിയ പ്രത്യയശാസ്ത്ര ഘട്ടം.

ശാസ്ത്രീയമായ സാമൂഹിക ശാസ്ത്രത്തിലൂടെ സമൂഹ നിർമാണം നടക്കുമ്പോൾ ശാസ്ത്രീയമായ നിയമങ്ങളും അവയിൽ അഗാധ പാണ്ഡിത്യമുള്ള ശാസ്ത്രജ്ഞരും ലോക വിദ്യാഭ്യാസ വ്യവസ്ഥ നിയന്ത്രിക്കുന്ന കാലംവരും. മാനവവംശത്തിന്നാവശ്യമായ സ്വഭാവ നിയമങ്ങൾ അവർ ആവിഷ്കരിക്കും. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ക്രൈസ്തവ ചർച്ചിനേക്കാൾ ഈ ശാസ്ത്രത്തിന് പങ്ക് വഹിക്കാൻ കഴിയും. ഇതിനായി 'മനുഷ്യത്വത്തെ പൂജിക്കുക' എന്ന പുതിയൊരു മതം തന്നെ ഉണ്ടാവേണ്ടതുണ്ടെന്ന് അദ്ദേഹം വാദിച്ചു.[9]

19ാം നൂറ്റാണ്ടിലെ അറുപതുകളിൽ ബ്രിട്ടനിലും അമേരിക്കയിലും ഡാർവിനും സ്പെൻസറും മാർക്സും പുതിയൊരു ചിന്തക്ക് തുടക്കം കുറിച്ചു. അത് ചർച്ചിന്റെ വാദങ്ങളെ പിറകോട്ടടിപ്പിച്ചു. മുൻ അധ്യായത്തിൽ വിശദീകരിച്ചതുപോലെ പല പുതിയ തത്ത്വശാസ്ത്രങ്ങൾക്കും ജന്മം നൽകി. അവയിൽ ഏറ്റവും പ്രധാനം വില്യം ജയിംസും ജോൺ ഡ്യൂയിയും നേതൃത്വം നൽകിയ വിദ്യാഭ്യാസ തത്ത്വശാസ്ത്രമായ പ്രാഗ്മാറ്റിസമാണ്.

20-ാം നൂറ്റാണ്ടിൽ വിദ്യാഭ്യാസത്തിന്റെ മതേതര ഫലങ്ങൾ ഒന്നൊന്നായി കണ്ടു തുടങ്ങി. 18ഉം 19ഉം നൂറ്റാണ്ടുകളിലെ ചിന്തകന്മാർ വാഗ്ദാനം നൽകിയ ഭൂമിയിലെ സ്വർഗം നിലവിൽ വന്നില്ല. സമാധാനം യാഥാർഥ്യമായില്ലെന്നു മാത്രമല്ല ലോകമഹായുദ്ധങ്ങൾ തന്നെ പൊട്ടിപ്പുറപ്പെട്ടു. സൈനികരും സിവിലിയന്മാരും അവയുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു. വർഗീയ-വിഭാഗീയ സംഘട്ടനങ്ങളും സാമൂഹിക പ്രശ്നങ്ങളും ഉടലെടുത്തു. ആധുനിക വിദ്യാഭ്യാസത്തിന്റെ തെറ്റായ ഫലങ്ങൾ ഭീകരമായി പ്രത്യക്ഷപ്പെട്ടു.

പൊതുവിദ്യാഭ്യാസം മതത്തെ തീർത്തും അപ്രധാനമെന്ന് വിധിച്ചു കളഞ്ഞു. ഇതേക്കുറിച്ച് ഫിലിപ്റിപ് എഴുതുന്നു: '18,19 നൂറ്റാണ്ടുകളിലെയും 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെയും സാങ്കേതിക വിദഗ്ധർ മനുഷ്യ മനസാക്ഷി വികസിക്കുമെന്ന് പ്രതീക്ഷിച്ചു. ഈ പ്രതീക്ഷ ഏറ്റവും കൂടുതലുണ്ടായിരുന്നത് ബെഞ്ചമിൻ ഫ്രാങ്ക്ളിനായിരുന്നു. അദ്ദേഹവും കൂട്ടുകാരും അമേരിക്കയിലെ പ്രഥമ യൂനിവേഴ്സിറ്റിയായ പെൻസിൽവാനിയാ യൂനിവേഴ്സിറ്റി നിർമിച്ചത് ഈ പ്രതീക്ഷയിലാണ്. പൂർണമായും മതേതര ഛായയിൽ ഭൗതിക മാത്രമായി സംവിധാനിച്ച അവിടെ മതപരമോ, തത്ത്വശാസ്ത്രപരമോ ആയ ഒന്നും അനുവദിച്ചില്ല. തൊഴിൽ പരമായ മികവ് മാത്രം ലക്ഷ്യം വെച്ച അവർ വിദ്യാഭ്യാസത്തെ സാങ്കേതിക വിദ്യയിൽ മാത്രം കേന്ദ്രീകരിച്ചു. എന്റെ അഭിപ്രായത്തിൽ മനുഷ്യ മനഃസാക്ഷിയുടെ ഈ വികാസം മനുഷ്യരുടെ ജീവിത യാഥാർഥ്യങ്ങളിൽ പ്രതിഫലിച്ചിട്ടില്ല.'[9]

അബ്റഹാം മാസ്‌ലൊ ഈ സ്ഥിതി വിശേഷത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്: '19ാം നൂറ്റാണ്ടിലെ നിർമതവാദി വീട് പുനഃരുദ്ധരിക്കുന്നതിനു പകരം അഗ്നിക്കിരയാക്കി. മതം മുന്നോട്ടു വെച്ച ചോദ്യങ്ങളെയും ഉത്തരങ്ങളെയും അവൻ ഒന്നാകെ തള്ളിക്കളഞ്ഞു. മത തത്ത്വങ്ങൾക്ക് നേരെ അവൻ പുറം തിരിഞ്ഞുനിന്നു. കാരണം, മതത്തിന്റെ ആളുകൾ നിരത്തിയ ഉത്തരങ്ങൾ സലക്ഷ്യമല്ലാതിരുന്നതിനാൽ സ്വീകാര്യമായിരുന്നില്ല. സ്വന്തത്തെ ആദരിക്കുന്ന ലോകത്തിന് അത് പഥ്യമായിരുന്നില്ല.

**20-ാം നൂറ്റാണ്ടിൽ വിദ്യാഭ്യാസത്തിന്റെ മതേതര ഫലങ്ങൾ ഒന്നൊന്നായി കണ്ടു തുടങ്ങി. 18ഉം 19ഉം നൂറ്റാണ്ടുകളിലെ ചിന്തകന്മാർ വാഗ്ദാനം നൽകിയ ഭൂമിയിലെ സ്വർഗം നിലവിൽ വന്നില്ല. സമാധാനം യാഥാർഥ്യമായില്ലെന്നു മാത്രമല്ല ലോകമഹായുദ്ധങ്ങൾ തന്നെ പൊട്ടിപ്പുറപ്പെട്ടു. സൈനികരും സിവിലിയന്മാരും അവയുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നു. വർഗീയ-വിഭാഗീയ സംഘട്ടനങ്ങളും സാമൂഹിക പ്രശ്നങ്ങളും ഉടലെടുത്തു. ആധുനിക വിദ്യാഭ്യാസത്തിന്റെ തെറ്റായ ഫലങ്ങൾ ഭീകരമായി പ്രത്യക്ഷപ്പെട്ടു.**

വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങളെയും അതിന്റെ സാമൂഹിക ഫലങ്ങളെയും സംബന്ധിച്ച് റിച്ചാർഡ് വാൻ സ്കൂട്ടറും സംഘവും നടത്തിയ പഠനം സ്ഥിരീകരിച്ചതും വിദ്യാഭ്യാസ തത്ത്വങ്ങളിൽ ദൈവദാസ്യവശം നന്നെ കുറവാണെന്നു തന്നെയാണ്. അവർ എഴുതുന്നു: 'നമ്മുടെ വിദ്യാലയങ്ങളിലും സമൂഹങ്ങളിലും മതേതരത്വത്തെ ഒരു മതമായി നാം ഉയർത്തിക്കൊണ്ടുവന്നു. നമ്മുടെ പൊതു സംസ്കാരമനുസരിച്ച് മതത്തെ പുരോഗതിക്ക് വിഘാതമായാണ് നാം കാണുന്നത്. അതേസമയം, ശാസ്ത്രത്തെയും ധൈഷണികതയെയും പുരോഗതിയുടെ അടിത്തറയായും നാം വിലമതിക്കുന്നു. മതത്തെ കുടുംബത്തിലെ ഒരു വൃദ്ധയംഗമായാണ് നാം കുറച്ചു കാണുന്നത്. അവസാന വർഷങ്ങളിൽ പലരാജ്യങ്ങളിലും ജനങ്ങളുടെ ഭാഗത്ത്നിന്ന് മതപരവും ആത്മീയവുമായ പ്രകാശനത്തിനായി നടന്നുകൊണ്ടിരിക്കുന്ന പ്രക്ഷോഭങ്ങൾ നാം ഒരു നൂറ്റാണ്ടുകാലം ശാസ്ത്രത്തിന്റെ പക്ഷത്ത് ചേർന്നു നിൽക്കുകയായിരുന്നു എന്നാണ് തെളിയിക്കുന്നത്.'[10]

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ വ്യാപനത്തോടെ ലോകമാസകലം മതേതരത്വത്തിലധിഷ്ഠിതമായ വിദ്യാഭ്യാസത്തിന്റെ ദുരന്തങ്ങൾ ദൃശ്യമായി. അവ ഇങ്ങനെ സംഗ്രഹിക്കാം:

1. സൽസ്വഭാവങ്ങളും നല്ല ബന്ധങ്ങളും അനുസരണവും തൊഴിലിടങ്ങളിലേക്ക് ചുരുങ്ങി, കുടുംബത്തിലും സമൂഹത്തിലും അത് നഷ്ടപ്പെട്ടു.

ആധുനിക മനുഷ്യൻ ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലുമെല്ലാം തൊഴിലിനനുസരിച്ച സൽസ്വഭാവങ്ങൾ പാലിക്കുന്നു. കുറ്റമറ്റ രീതിയിലും വേഗതയിലും ജനങ്ങളെ നല്ല രീതിയിൽ സ്വീകരിച്ചും, സുന്ദരമായി അണിഞ്ഞൊരുങ്ങിയും കൃത്യസമയത്ത് എത്തിച്ചേർന്നു. മേലധികാരികളെ അനുസരിച്ചും സഹപ്രവർത്തകരുമായി നല്ലബന്ധം നിലനിർത്തിയുമെല്ലാം അവൻ ഉയർന്ന നിലവാരം പുലർത്തുന്നു. അതേസമംയ, വീട്ടിലോ പൊതുസ്ഥലങ്ങളിലോ എത്തുന്ന അയാൾ ഇത്തരം മൂല്യങ്ങളെല്ലാം കൈയൊഴിയുന്നു. ആധുനിക സ്ത്രീകളിൽ ഇത് ഏറെ പ്രകടമാണ്. ഭർത്താവിനോടുള്ള അനുസരണത്തിൽ വീഴ്ചവരുത്തുന്ന അവൾ തൊഴിൽ ദായകനെ അനുസരിക്കുന്നു. ഗൃഹപരിപാലനത്തിനു പകരം തൊഴിലിടപരിപാലനത്തിലാണ് അവളുടെ ശ്രദ്ധ. വീട്ടിൽ വൃത്തിയും ശുചിത്വവും ചിട്ടയും സൽപെരുമാറ്റവും മൃദു ഭാഷണവും സൽസ്വഭാവവും അവഗണിക്കുന്ന അവൾ തൊഴിൽ സ്ഥാപനങ്ങളിൽ അക്കാര്യങ്ങളിലെല്ലാം ഉല്ലാസവതിയാണ്. സ്വന്തം സന്താനങ്ങളെ പരിപാലിക്കുന്നതിനു പകരം അന്യരുടെ മക്കളെ കൂലിക്കോ ശമ്പളത്തിനോ വളർത്തുന്നതിലാണ് അവർ താൽപര്യം കാണിക്കുന്നത്. ഇതെല്ലാം ആധുനിക വിദ്യാഭ്യാസം മനുഷ്യനെ വ്യാവസായിക-വാണിജ്യ താൽപര്യങ്ങൾക്ക് സേവനം ചെയ്യാനായി വളർത്തിയതിനാൽ സംഭവിച്ചതാണ്. തൽഫലമായി, കുടുംബബന്ധങ്ങളും സൗഹൃദകൂട്ടായ്മകളും അയൽപക്കക്കൂട്ടങ്ങളുമെല്ലാം ഊഷരമാവുകയും ജോലിയിൽനിന്ന് ഔദ്യോഗികമായി വിരമിക്കുന്നതോടെ മനുഷ്യന്റെ സ്വാസ്ഥ്യം കെട്ടു എന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു.

**(2) ആധുനിക മനുഷ്യന്റെ ആത്മീയ അസ്വാസ്ഥ്യം**

ആധുനിക വിദ്യാഭ്യാസം ജനനം, മരണം മുതലായ വിഷയങ്ങളെ സംബന്ധിച്ച ചർച്ച നിർത്തിവെക്കുകയും ജീവിതത്തിന്റെ പരിധികളിൽമാത്രം അതിനെ ഒതുക്കിനിർത്തുകയും ചെയ്തു. തൽഫലമായി, രണ്ട് അപകടങ്ങൾ സംജാതമായി (എ) സങ്കുചിതമായ ഭൗതിക ജീവിതത്തിൽ യുവതലമുറക്കുണ്ടായ അസ്വസ്ഥതകൾ. (ബി) അഭ്യസ്തവിദ്യരെ ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതധാർമികമൂല്യങ്ങൾ കൂടി പഠിപ്പിച്ചിരുന്നുവെങ്കിൽ അവരുടെ ഭാഗത്ത്നിന്ന് സമൂഹത്തിന് ലഭിക്കാമായിരുന്ന നന്മകളുടെ നഷ്ടം.

ഇതിന്റെയെല്ലാം ഫലമായി ജനനം, മരണം, മരണാനന്തരം, സമുന്നത ജീവിത മൂല്യങ്ങൾ എന്നിവസംബന്ധിച്ച് ആധുനിക സമൂഹത്തിന് ഉത്തരങ്ങളൊന്നും ലഭിച്ചില്ല. വിദ്യാഭ്യാസത്തെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അങ്ങേയറ്റം വിലമതിക്കുന്ന അമേരിക്കൻ യുവതല രണ്ടുവിഭാഗങ്ങളായി തിരിഞ്ഞു. ഒരു വിഭാഗം നിലവിലെ ജീവിതത്തിൽ നിന്ന് പിൻവാങ്ങി തങ്ങൾക്ക് ആരാധിക്കാൻ പറ്റിയ ദൈവത്തെയും ആചരിക്കാൻ പറ്റിയമതത്തെയും അന്വേഷിച്ചുപോയി. രണ്ടാമത്തെ വിഭാ

ഗം, ഊഹങ്ങളുടെയും സ്വപ്നങ്ങളുടെയും ലോകത്ത് സൗഭാഗ്യം തേടിപ്പോയി. ഒന്നാമത്തെ വിഭാഗം ജനനം, മരണം എന്നിവസംബന്ധിച്ച് നിലവിലെ ചോദ്യങ്ങൾക്ക് ഉത്തരം തരുന്ന എല്ലാ മതങ്ങളുടെയും പിന്നാലെ ഓടിനടന്നു. മാർവിൻ ഹാരിസ് എഴുതുന്നു: തങ്ങൾ മാർഗദർശികളായ പ്രബോധകരാണ്, നിയോഗിതരായ ദൂതന്മാരാണ്, ഭൂമിയിലൂടെ നടക്കുന്ന ദൈവങ്ങളാണ് എന്നെല്ലാം അവകാശപ്പെട്ടുകൊണ്ട് ദശക്കണക്കിന് 'പ്രവാചകന്മാർ' അമേരിക്കൻ ഉപഭൂഖണ്ഡത്തിലൂടെ സഞ്ചരിക്കുന്നുണ്ട്. ഹിന്ദു-ബുദ്ധ-ഖാദിയാനി യാദി ധാരാളം മതങ്ങൾ ഈ ഇനത്തിൽ യുവാക്കളെ ആകർഷിക്കുന്നു. അവർക്കൊപ്പം കാടുകളും താഴ്വരകളും നഗരങ്ങളും സംസ്ഥാനങ്ങളും അവർ ചുറ്റിക്കറങ്ങുന്നു. മാർവിൻ ഹാരിസ് ഇവരെക്കുറിച്ചെഴുതുന്നു: മതവക്താക്കളായി അറിയപ്പെടുന്ന ഇവർ Gurus, Buhas, Babas, Bawas, Maharishis, Maharajis എന്നെല്ലാമുള്ള പേരുകളിലാണറിയപ്പെടുന്നത്. ഇവർക്കെല്ലാം അമേരിക്കയിൽ ധാരാളം അനുയായികളെ ലഭിക്കുന്നുണ്ട്.[10]

അമേരിക്കൻ യൂനിവേഴ്സിറ്റികളിലെ സാമൂഹിക ശാസ്ത്രകാരന്മാർ മതവിശ്വാസ പ്രവണതകളെക്കുറിച്ച് ശ്രദ്ധിക്കുകയും അതിന് വിവിധ വിശദീകരണങ്ങൾ നൽകുകയും ചെയ്തിരിക്കുന്നു. ഇവരിലൊരാളായ റോബർട്ട്ബെല്ല പാശ്ചാത്യ ലോകത്തെ വ്യക്തിയധിഷ്ഠിത പ്രയോജനാത്മക വാദത്തിന് വിരുദ്ധമായി 'ഏഷ്യൻ ആത്മീയത'യുടെ വിലിയവൃത്തം ഉണർവ് അമേരിക്കയിൽ ദൃശ്യമായിരിക്കുന്നുവെന്ന് അഭിപ്രായപ്പെടുകയുണ്ടായി. കാരണം, ഏഷ്യൻ മതങ്ങൾ യഹൂദ, ക്രൈസ്തവ പാരമ്പര്യ പാശ്ചാത്യ മതങ്ങളിൽനിന്ന് വ്യത്യസ്തമായി ബാഹ്യാചാരങ്ങൾക്കപ്പുറം ആന്തരികമായ വികാസത്തിലാണ് ഊന്നുന്നത്. പ്രകൃതിയെ പൂഷണം ചെയ്യുന്നതിനേക്കാൾ അതുമായി സമായോജനം സാധിക്കാൻ പഠിപ്പിക്കുന്നു. പുരോഹിതന്മാരും ജ്യോത്സ്യന്മാരുമായി സ്ഥാപിക്കുന്ന ഹൃദയംഗമമല്ലാത്ത ബന്ധങ്ങൾക്ക് പകരം മതനേതാക്കളുമായി വ്യക്തിബന്ധങ്ങൾ സ്ഥാപിക്കാൻ സഹായകമാവുന്നു. ശക്തിയും സമ്പത്തും അമിതമായി സംഭരിക്കുന്നതിനെ വിമർശനാത്മകമായി നോക്കിക്കാണുന്നുവെന്നതാണ് പൗരസ്ത്യ മതങ്ങളുടെ മറ്റൊരു പ്രത്യേകത.[11]

ജനനത്തിന്റെയും മരണത്തിന്റെയും ആത്യന്തിക സത്യത്തെ സംബന്ധിച്ച് കണക്കിലെടുക്കാത്ത ആധുനിക വിദ്യാഭ്യാസത്തിന്റെ ദുരന്തങ്ങളാണിതൊക്കെയും. ജനനവും മരണവും ദിനേനയെന്നോണം കാണുന്നവരാണ് ഓരോ മനുഷ്യനും. എന്നിട്ടും അതിന്റെ ആത്യന്തിക യാഥാർഥ്യം വിദ്യാഭ്യാസത്തിൽ വിഷയീഭവിക്കാതിരിക്കുന്നത് വിരോധാഭാസം തന്നെ!

The peoples Temple എന്ന പേരിൽ അറിയപ്പെടുന്ന മതഗ്രൂപ്പിന്റെ നേതാവ് Jim jones 18-11-1979 ൽ തന്റെ അനുയായികളോട്, എല്ലാവരും ഒന്നിച്ച് ആത്മഹത്യ ചെയ്യണമെന്ന് ആവശ്യപ്പെടുകയുണ്ടായി. കാലിഫോർണിയാ സംസ്ഥാനത്തെ ജിയാനാ നഗരത്തിൽ 900ലധികം പേരും ഈ വിധം ആഹ്വാനം ചെയ്തു. വർഷങ്ങളോളം അവർ ജിം ജോൺസിന്റെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായാണ് ജീവിച്ചു പോന്നത്. രോഗം സുഖപ്പെടുത്തുമെന്നും മരിച്ചവരെ ജീവിപ്പിക്കുമെന്നും അയാൾ വാദിച്ചിരുന്നു.[12]

Sun Myung Moon എന്നയാളുടെ അനുയായികളും തഥൈവ. കൊറിയയിൽനിന്ന് അമേരിക്കയിലെത്തിയ അയാൾക്കു ചുറ്റും ആയിരങ്ങൾ തടിച്ചു കൂടിയിരുന്നു. അമേരിക്കൻ ഭരണത്തെപ്പോലും നിയന്ത്രിക്കാൻ അയാൾക്കും അനുയായികൾക്കും കഴിഞ്ഞിരുന്നു. ഹൈന്ദവ-സ്വൂഫീ-വിഗ്രഹാരാധനാ സമ്മിശ്രമായ ചില വിശ്വാസാചാരങ്ങളുമായി വന്ന vilayath Khan മറ്റൊരുദാഹരണം. ഇയാൾക്കും ധാരാളം ഭക്തന്മാരും കേന്ദ്രങ്ങളുമുണ്ടായിരുന്നു. ■

## കുറിപ്പുകൾ

1. തൗഹീദിന്റെ വിശദാംശങ്ങൾക്ക് അബുൽ അഅ്ലാ മൗദൂദിയുടെ 'അൽ ഹദാറത്തുൽ ഇസ്‌ലാമിയ്യഃ: ഉസസുഹാ വ മബാദിഉഹാ, ഡോ: ഇസ്മാഈൽ റജാ ഫാറൂഖിയുടെ 'അത്തൗഹീദ്' മുഹമ്മദ് ഖുത്ബിന്റെ 'ലാഇലാഹ ഇല്ലല്ലാഹ്: അഖീദഃ വശരീഅഃ വമിൻ ഹാജുഹയാണ്' എന്നിവ കാണുക.

2. ഈ അധ്യായം 'ബോധനം ദ്വൈമാസിക' 2010 സെപ്റ്റംബർ-ഒക്ടോബർ ലക്കത്തിൽ(പേജ് 25-32) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. مشروط بحصول المعرفة ، كما انّ الأمر بالزكاة مشروط بحصول النّصاب الأمر باالعبادة


4. Erich Fromm. 'Love' in the Contemporary Scence, Edited by Paul B.Weisz (New york: Mc Graw' - Hill Bock, Co., 1970 P.156

5. Erich Fromm The Same Society (New york: Faw Cell Premier, 1955)

6. J.B. Burry. The Idea of Progress. (New York: Dover Publication, Inc. 1960) PP. 50-56

7. Ibid, PP 99-143, 199-210

8. Ibid, P. 286

9. Ibid, P. 307

10. Uraban and M. Glenny. Can we survive our Future? London: The Bodley Head Ltd 1972 P: 45

11. Richard D Van Scotter and others oP Cit, P. 155

12. Robert bella 'New Religious consciousness and the Crisis in Modernity' in the new religious consciousness, ed. by Robert Bella and Charles Glock. (Berkeley Univ. of Calif. Press, 1979) PP. 197-330